# PSC Work Assistant - Kerala Agro Machinery Corporation Limited Examination Previous Year Question Paper

*Exam Name: Work Assistant - Kerala Agro Machinery Corporation Limited*

***Date of Test : 24.01.2015***

*Question Paper Code: 017/2015*

*Medium of Questions: Malayalam*

www.pscnet.in fb.com/pscnet.in

# 17/2015-M

Maximum : 100 marks

Time : 1 hour and 15 minutes

1. മണിപ്പൂരിലെ "ഉരുക്ക് വനിത" എന്നറിയപ്പെടുന്നത് :
   (A) മാർഗരറ്റ് താച്ചർ
   (B) അരുന്ധതി റായ്
   (C) ഇറോം ശർമ്മിള
   (D) ഇന്ദിരാഗാന്ധി

2. 2011 ലെ സെൻസസ് പ്രകാരം സ്ത്രീ-പുരുഷ അനുപാതം കൂടുതലുള്ള ജില്ല :
   (A) മലപ്പുറം
   (B) കണ്ണൂർ
   (C) തിരുവനന്തപുരം
   (D) തൃശ്ശൂർ

3. "അങ്കിൾഹൊ" എന്നറിയപ്പെടുന്നത് :
   (A) ഹോച്ചിമിൻ
   (B) ജവഹർലാൽ നെഹ്റു
   (C) ദാദാ ഭായ് നവറോജി
   (D) നെൽസൺ മണ്ടേല

4. "ഭൂമിയുടെ ഇരട്ട" എന്നറിയപ്പെടുന്ന ഗ്രഹം :
   (A) ബുധൻ
   (B) ചൊവ്വ
   (C) ശുക്രൻ
   (D) ശനി

5. രണ്ട് സംസ്ഥാനങ്ങൾ അതിരുകളുള്ള കേരളത്തിലെ ജില്ല :
   (A) വയനാട്
   (B) ഇടുക്കി
   (C) കാസർഗോഡ്
   (D) തിരുവനന്തപുരം

6. കേരളത്തിലെ ആദ്യ നിയമസഭയുടെ പ്രോടേം സ്പീക്കർ :
   (A) കെ.കെ. ബാലകൃഷ്ണൻ
   (B) ടി.എ. മജീദ്
   (C) റോസമ്മ പുന്നൂസ്
   (D) ഭാർഗ്ഗവി തങ്കപ്പൻ

7. മന്ത്രി കെ.പി. മോഹനൻ കൈകാര്യം ചെയ്യുന്ന വകുപ്പ് :
   (A) വിദ്യാഭ്യാസം
   (B) വൈദ്യുതി
   (C) ആരോഗ്യം
   (D) കൃഷി

8. തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾക്ക് മേൽമുണ്ട് ധരിക്കുന്നതിനുള്ള അവകാശം ലഭിച്ച വർഷം :
   (A) 1841
   (B) 1859
   (C) 1869
   (D) 1861



Join PSC WhatsApp Broadcast List : 90747 20773

9. ഓഫ്താൽമോളജി ഏത് അവയവവുമായി ബന്ധപ്പെട്ടതാണ്?
(A) ചെവി (B) എല്ല്
(C) കണ്ണ് (D) പല്ല്

10. "അവനവനാത്മ സുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം"
ഈ വചനം ആരുടേതാണ്?
(A) ശ്രീനാരായണ ഗുരു (B) സ്വാമി വിവേകാനന്ദൻ
(C) സഹോദരൻ അയ്യപ്പൻ (D) ഗുരു നിത്യചൈതന്യയതി

11. 'വേഷ പ്രച്ഛന്നനായ രാജ്യദ്രോഹി' ആര്?
(A) സുരേന്ദ്രനാഥ ബാനർജി (B) താന്തിയാതോപ്പി
(C) ബാലഗംഗാധര തിലക് (D) ഗോപാലകൃഷ്ണ ഗോഖലെ

12. വയലാർ അവാർഡ് നേടിയ "മുൻപെ പറക്കുന്ന പക്ഷികൾ" രചിച്ചതാര്?
(A) സി. രാധാകൃഷ്ണൻ (B) കെ. സുരേന്ദ്രൻ
(C) ഒ.വി. വിജയൻ (D) ഡോ. സുകുമാർ അഴീക്കോട്

13. ഐക്യരാഷ്ട്ര സംഘടന മനുഷ്യാവകാശദിനം ആചരിച്ചു തുടങ്ങിയ വർഷം :
(A) 1961 (B) 1968
(C) 1959 (D) 1950

14. കേരള സംസ്ഥാന വനിതാ കമ്മീഷന്റെ ഇപ്പോഴത്തെ ചെയർ പേർസൺ :
(A) ജസ്റ്റിസ് ശ്രീദേവി (B) ടി. ദേവി
(C) കെ.സി. റോസക്കുട്ടി ടീച്ചർ (D) എം. കമലം

15. 'മൻഡാരിൻ' ഏത് രാജ്യത്തെ ഭാഷയാണ്?
(A) ബംഗ്ലാദേശ് (B) അഫ്ഗാനിസ്ഥാൻ
(C) പാകിസ്ഥാൻ (D) ചൈന

16. ഡോ. സാമുവൽ ഹനിമാൻ ഏത് ചികിത്സാ രീതിയുടെ സ്ഥാപകനാണ്?
(A) അലോപ്പതി (B) ഹോമിയോപ്പതി
(C) യുനാനി (D) ആയുർവേദം



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

17. 'കറുത്ത രത്നം' എന്നറിയപ്പെടുന്ന പെലെ ഏത് രാജ്യത്തെ ഫുട്ബോൾ താരമാണ്?

(A) അർജന്റീന (B) ബ്രസ്സീൽ
(C) ഇറ്റലി (D) ജർമ്മനി

18. ഹരിതകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന മൂലകം ഏത്?

(A) കാത്സ്യം (B) മെഗ്നീഷ്യം
(C) സോഡിയം (D) ഫോസ്ഫറസ്

19. ജലജീവികളിൽ ഏറ്റവും ബുദ്ധിയുള്ള ജീവി :

(A) മത്സ്യം (B) നീർനായ
(C) ഡോൾഫിൻ (D) കടൽപാമ്പ്

20. നട്ടെല്ലിലുള്ള കശേരുക്കളുടെ എണ്ണം :

(A) 33 (B) 44
(C) 38 (D) 39

21. രക്തത്തെക്കുറിച്ചുള്ള പഠനശാഖ :

(A) ന്യൂറോളജി (B) സൈക്കോളജി
(C) ഫാരിൻഗോളജി (D) ഹീമറ്റോളജി

22. കെ.പി. കേശവമേനോൻ ———————— പത്രത്തിന്റെ പത്രാധിപരായിരുന്നു.

(A) മലയാള മനോരമ (B) മാതൃഭൂമി
(C) കേരള കൗമുദി (D) ദേശാഭിമാനി

23. 'പണ്ഡിറ്റ് കറുപ്പൻ' മറ്റൊരു പേരിൽ അറിയപ്പെടുന്നു. ഏത് പേരിൽ?

(A) കേരള ഗാന്ധി (B) കേരള സിംഹം
(C) കേരള പാണിനി (D) കേരള ലിങ്കൺ

24. മിശ്രഭോജനം നടത്തി പ്രസിദ്ധി നേടിയ മലയാളി :

(A) എ.കെ. ഗോപാലൻ (B) മന്നത്ത് പത്മനാഭൻ
(C) അയ്യങ്കാളി (D) സഹോദരൻ അയ്യപ്പൻ

25. പോർട്ടുഗീസുകാരനായ വാസ്കോഡഗാമ കാപ്പാട് കപ്പലിറങ്ങിയ വർഷം :

(A) 1471 (B) 1500
(C) 1498 (D) 1501



Join PSC WhatsApp Broadcast List : 90747 20773

26. 2013 ൽ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചത് :

(A) പ്രണബ് കുമാർ മുഖർജി (B) ശരത് പവാർ

(C) എ.കെ. ആന്റണി (D) പി. ചിദംബരം

27. എൻഡോസൾഫാൻ ബാധിതർ കൂടുതലുള്ള ജില്ല :

(A) വയനാട് (B) കണ്ണൂർ

(C) കാസർഗോഡ് (D) കോഴിക്കോട്

28. കേരളത്തിൽ നിന്നുള്ള ലോകസഭാംഗങ്ങളുടെ എണ്ണം :

(A) 30 (B) 140

(C) 20 (D) 40

29. 2012 ലെ ജ്ഞാനപീഠ പുരസ്കാര ജേതാവായ റാവൂരി ഭരദ്വാജ ഏത് ഭാഷയിലാണ് സാഹിത്യരചന നടത്തിയത്?

(A) ഹിന്ദി (B) തെലുങ്ക്

(C) തമിഴ് (D) ഒറിയ

30. "നിതാഖാത്" നിയമം നടപ്പിലാക്കിയ രാജ്യം :

(A) ഇറാൻ (B) സൗദി അറേബ്യ

(C) കുവൈറ്റ് (D) പാക്കിസ്ഥാൻ

31. സാമ്പത്തിക വർഷം ആരംഭിക്കുന്നത് :

(A) ജനുവരി (B) ജൂൺ

(C) ഏപ്രിൽ (D) ആഗസ്റ്റ്

32. "ദ്രാവിഡ മുന്നേറ്റ കഴകം" 1940 ൽ രൂപീകരിച്ചത് :

(A) കരുണാനിധി (B) അണ്ണാദുരൈ

(C) രാജഗോപാലാചാരി (D) കാമരാജ്.

33. "രാജാക്കന്മാരിൽ സംഗീതജ്ഞനും സംഗീതജ്ഞരിൽ രാജാവും" ആയ ആൾ ആര്?

(A) സ്വാതി തിരുനാൾ (B) ശ്രീമൂലം തിരുനാൾ

(C) മാർത്താണ്ഡവർമ്മ (D) ധർമ്മ രാജാവ്



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

34. ക്യാൻസർ കോശങ്ങളുടെ വളർച്ച കുറയ്ക്കാൻ സഹായിക്കുന്ന 'കുർകുമിൻ' അടങ്ങിയ വസ്തു :

(A) ഇഞ്ചി (B) കുരുമുളക്
(C) കാപ്പി (D) മഞ്ഞൾ

35. താഴെ തന്നിരിക്കുന്നവയിൽ വലിയ സംഖ്യ ഏത്?

(A) $\frac{1}{4}$ (B) $\frac{1}{2}$
(C) $\frac{1}{3}$ (D) $\frac{1}{5}$

36. അന്താരാഷ്ട്ര രസതന്ത്ര വർഷമായി ആചരിച്ചത് :

(A) 2009 (B) 2010
(C) 2011 (D) 2012

37. ദാദാ സാഹിബ് ഫാൽക്കെ ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഫുട്ബോൾ (B) രാഷ്ട്രീയം
(C) സിനിമ (D) വ്യവസായം

38. "കൊക്കോസ് ന്യൂസിഫെറ" ഏതിന്റെ ശാസ്ത്രനാമമാണ്?

(A) തെങ്ങ് (B) കവുങ്ങ്
(C) മുന്തിരി (D) കണിക്കൊന്ന

39. മീൻമുട്ടി വെള്ളച്ചാട്ടം ഏത് ജില്ലയിലാണ്?

(A) തിരുവനന്തപുരം (B) കോട്ടയം
(C) തൃശ്ശൂർ (D) വയനാട്

40. ഇന്ത്യ സ്വന്തമായി വികസിപ്പിച്ച ബ്രൗസർ :

(A) മോസില്ല (B) എപ്പിക്
(C) ഗൂഗിൾ (D) യാഹു

41. അവസാനമായി ശ്രേഷ്ഠപദവി ലഭിച്ച ഇന്ത്യൻ ഭാഷ ഏത്?

(A) കന്നട (B) തെലുങ്ക്
(C) മലയാളം (D) തമിഴ്

42. ഏത് ഗ്രഹത്തെക്കുറിച്ച് പഠിക്കാനാണ് "ക്യൂരിയോസിറ്റി" എന്ന ബഹിരാകാശ പേടകം അയച്ചത്?

(A) ബുധൻ (B) ശുക്രൻ
(C) ശനി (D) ചൊവ്വ



Join PSC WhatsApp Broadcast List : 90747 20773

43. 'നാഷണൽ ലീഗ് ഫോർ ഡമോക്രസി' എന്ന രാഷ്ട്രീയ പ്രസ്ഥാനം രൂപം കൊണ്ട രാജ്യം :

(A) മ്യാൻമർ
(B) തായ്‌ലാന്റ്
(C) ചൈന
(D) ജപ്പാൻ

44. 'എഡ്‌വിജെ ആന്റോണിയോ മൈനോ' താഴെ പറയുന്നവരിൽ ആരാണ്?

(A) മദർ തെരേസ
(B) രാജീവ് ഗാന്ധി
(C) സോണിയാ ഗാന്ധി
(D) ഉഷാ നാരായണൻ

45. 2013 ലെ ഐ.എ.എസ്. പരീക്ഷയിൽ ഒന്നാം സ്ഥാനത്തെത്തിയ ആൾ :

(A) അശ്വതി എസ്
(B) ഡോ. ശ്രീറാം വെങ്കിട്ടരാമൻ
(C) ഹരിത വി. കുമാർ
(D) ഡോ. ആൽബി ജോൺ വർഗ്ഗീസ്

46. പ്രണബ് കുമാർ മുക്കർജി ഇന്ത്യയുടെ എത്രാമത് രാഷ്ട്രപതിയാണ്?

(A) 13
(B) 12
(C) 15
(D) 11

47. 'പ്രിസണർ 5990' ആരുടെ ആത്മകഥയാണ്?

(A) ബണ്ടിചോർ
(B) കെ.എം. മാണി
(C) ബാലകൃഷ്ണപിള്ള
(D) ജവഹർലാൽ നെഹ്റു

48. ഏറ്റവും ചെറിയ അഭാജ്യ സംഖ്യ :

(A) ഒന്ന്
(B) രണ്ട്
(C) മൂന്ന്
(D) അഞ്ച്

49. 2013 ലെ സംസ്ഥാന സ്കൂൾ കലോത്സവം നടന്ന ജില്ല :

(A) കണ്ണൂർ
(B) കോഴിക്കോട്
(C) തൃശ്ശൂർ
(D) മലപ്പുറം

50. "വെസ്റ്റ് നൈൽ" എന്താണ്?

(A) നദി
(B) ആത്മകഥ
(C) അസുഖം
(D) യാത്രാവിവരണം

51. 2013 ലെ ഐ.പി.എൽ. മത്സരത്തിൽ രാജസ്ഥാൻ റോയൽസിനെ നയിച്ചതാര്?

(A) രാഹുൽ ദ്രാവിഡ്
(B) ഗിൽ ക്രിസ്റ്റ്
(C) ധോണി
(D) ഷെയ്ൻ വാട്സൺ



Join PSC WhatsApp Broadcast List : 90747 20773

52. മലയാള ഭാഷ സംസാരിക്കുന്ന പോണ്ടിച്ചേരി സംസ്ഥാനത്തെ പ്രദേശം :
(A) യാനം
(B) ചെന്നൈ
(C) കാരയ്ക്കൽ
(D) മാഹി

53. ലോക് സഭയിൽ ഇംപീച്ച്മെന്റിന് വിധേയനായ ആദ്യ സുപ്രീംകോടതി ജഡ്ജി :
(A) ജസ്റ്റീസ് ഖാലിദ്
(B) ജസ്റ്റീസ് രാമസ്വാമി
(C) ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ
(D) ജസ്റ്റീസ് ഭരദ്വാജ്

54. 2012 ലെ ലണ്ടൻ ഒളിമ്പിക്സിൽ ഇന്ത്യയുടെ പതാകയേന്തിയതാര്?
(A) സുശീൽ കുമാർ
(B) അഭിനവ് ബിന്ദ്ര
(C) ഗഗൻ നരംഗ്
(D) മേരികോം

55. "കെ-ടെറ്റ്" ഏത് നിയമനവുമായി ബന്ധപ്പെട്ട പരീക്ഷയാണ്?
(A) അദ്ധ്യാപകൻ
(B) പോലീസ്
(C) ഡോക്ടർ
(D) ഡ്രൈവർ

56. ഗാന്ധിജി രണ്ടാം തവണ കേരളത്തിൽ വന്നത് ഏത് സംഭവവുമായി ബന്ധപ്പെട്ടാണ്?
(A) ഖിലാഫത്ത്
(B) വൈക്കം സത്യാഗ്രഹം
(C) പയ്യന്നൂർ സത്യാഗ്രഹം
(D) ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനം

57. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന നികുതി :
(A) ആദായ നികുതി
(B) വിനോദ നികുതി
(C) എക്സൈസ് ഡ്യൂട്ടി
(D) വിൽപ്പന നികുതി

58. കേരളത്തിലെ ഏക വനിതാ മന്ത്രി തെരഞ്ഞെടുക്കപ്പെട്ട മണ്ഡലം :
(A) സുൽത്താൻ ബത്തേരി
(B) കൽപ്പറ്റ
(C) ഹോസ്ദുർഗ്ഗ്
(D) മാനന്തവാടി

59. 'ദ്രോണാചാര്യ' അവാർഡ് നേടിയ ആദ്യ മലയാളി :
(A) ഒ.എം. നമ്പ്യാർ
(B) ഐ.എം. വിജയൻ
(C) പി.ടി. ഉഷ
(D) പൃഥിപാൽ സിംഗ്

60. 'മയ്യഴി ഗാന്ധി' എന്നറിയപ്പെടുന്നത് :
(A) കെ. കേളപ്പൻ
(B) കെ. കരുണാകരൻ
(C) എ.കെ. ഗോപാലൻ
(D) ഐ.കെ. കുമാരൻ



Join PSC WhatsApp Broadcast List : 90747 20773

61. മനുഷ്യരിൽ വാതക വിനിമയം നടത്തുന്നത് :

(A) മൂക്ക്
(B) ശ്വാസകോശം
(C) വായ്
(D) ത്വക്ക്

62. വൃക്കയിലെ 'അരിപ്പകൾ' എന്നറിയപ്പെടുന്നത് :

(A) നെഫ്രോണുകൾ
(B) ലോമികകൾ
(C) ന്യൂറോണുകൾ
(D) ധമനികൾ

63. പുകയിലയിൽ അടങ്ങിയിരിക്കുന്ന രാസവസ്തു :

(A) കഫീൻ
(B) മോർഫീൻ
(C) നിക്കോട്ടിൻ
(D) ബിലുറുബിൻ

64. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഇന്ത്യ വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹം :

(A) ഇൻസാറ്റ്
(B) എഡ്യൂസാറ്റ്
(C) ചാന്ദ്രയാൻ
(D) മെസഞ്ചർ

65. ജലത്തിന്റെ pH മൂല്യം —————— ആണ്.

(A) 6
(B) 3
(C) 7
(D) 0

66. പ്രകൃതിയിൽ സ്വതന്ത്രാവസ്ഥയിൽ കാണുന്ന ലോഹം :

(A) സ്വർണ്ണം
(B) ചെമ്പ്
(C) ഇരുമ്പ്
(D) അലുമിനിയം

67. ഏറ്റവും കാഠിന്യമേറിയ വസ്തുവായ വജ്രം —————— ന്റെ രൂപാന്തരമാണ്.

(A) കാത്സ്യം
(B) കാർബൺ
(C) കല്ലുകൾ
(D) കാഡ്മിയം

68. പാലിൽ വെള്ളം ചേർത്താൽ കണ്ടുപിടിക്കുന്ന ഉപകരണം :

(A) ഹൈഗ്രോമീറ്റർ
(B) ബാരോമീറ്റർ
(C) അമ്മീറ്റർ
(D) ലാക്ടോമീറ്റർ

69. ആരോഗ്യമുള്ള കണ്ണിന്റെ 'നിയർ പോയിന്റ്' (near point) ലേക്കുള്ള ദൂരം :

(A) 30 cm
(B) 25 cm
(C) 20 cm
(D) 50 cm

70. പഴങ്ങളെ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തു :

(A) കാത്സ്യം കാർബൈഡ്
(B) കാത്സ്യം ഓക്സൈഡ്
(C) സിങ്ക് സൾഫൈഡ്
(D) സിൽവർ അയൊഡൈഡ്



Join PSC WhatsApp Broadcast List : 90747 20773

71. താഴെ തന്നിട്ടുള്ളവയിൽ വിഘാടകഗണത്തിൽപ്പെട്ട ജീവി ഏത്?

(A) വൈറസ്
(B) ബാക്ടീരിയ
(C) ആൽഗ
(D) പ്രോട്ടോസോവ

72. സസ്യശരീരം കോശങ്ങളാൽ നിർമ്മിതമാണെന്ന് കണ്ടെത്തിയ ശാസ്ത്രജ്ഞൻ :

(A) തിയോഡർ ഷ്വാൻ
(B) റോബർട്ട് ഹുക്ക്
(C) എം.ജെ. ഷ്ളീഡൻ
(D) റോബർട്ട് വിർഷോ

73. അയഡിൻ ലായനി അന്നജവുമായി ചേർത്താൽ ലഭിക്കുന്ന നിറം ഏത്?

(A) പച്ച
(B) മഞ്ഞ
(C) നീല
(D) ചുവപ്പ്

74. താഴെ തന്നിരിക്കുന്നവയിൽ സാംക്രമികരോഗം ഏത്?

(A) കോളറ
(B) അനീമിയ
(C) ക്യാൻസർ
(D) നെഫ്രൈറ്റിസ്

75. ഒരു സങ്കരയിനം നെല്ലാണ് :

(A) ശ്വേത
(B) അന്നപൂർണ്ണ
(C) ജ്വാലാമുഖി
(D) ശുഭ്ര

76. പാകം ചെയ്ത് കഴിക്കുന്ന ആഹാരത്തിൽ നിന്ന് ലഭിക്കാത്ത ജീവകം താഴെ പറയുന്നവയിൽ ഏതാണ്?

(A) ജീവകം A
(B) ജീവകം K
(C) ജീവകം E
(D) ജീവകം C

77. ഹരിതഗൃഹവാതകം ഏത്?

(A) മീഥേൻ
(B) കാർബൺ
(C) ഹീലിയം
(D) ഹൈഡ്രജൻ

78. ഓറൽ പോളിയോ വാക്സിൻ ആദ്യമായി കണ്ടുപിടിച്ചതാര്?

(A) ലൂയി പാസ്റ്റർ
(B) അലക്സാണ്ടർ ഫ്ലെമിംഗ്
(C) എഡ്‌വേർഡ് ജന്നർ
(D) ആൽബർട്ട് സാബിൻ

79. ദഹനേന്ദ്രിയ വ്യവസ്ഥയുടെ ഏത് ഭാഗത്ത് വച്ചാണ് പോഷകഘടകങ്ങൾ രക്തത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നത് :

(A) ആമാശയം
(B) പക്വാശയം
(C) ചെറുകുടൽ
(D) വൻകുടൽ

80. താഴെ തന്നിട്ടുള്ളവയിൽ ധാന്യകത്തിന്റെ ഘടകമല്ലാത്തത് ഏത്?

(A) കാർബൺ
(B) നൈട്രജൻ
(C) ഹൈഡ്രജൻ
(D) ഓക്സിജൻ



Join PSC WhatsApp Broadcast List : 90747 20773

81. $(0.2)^2$ എത്ര?

(A) 0.4
(B) 0.04
(C) 2.2
(D) 4

82. രണ്ട് സംഖ്യകളുടെ തുക 11 ഉം അവയുടെ ഗുണനഫലം 24 ഉം ആയാൽ അവയുടെ വ്യത്യാസം എത്ര?

(A) 2
(B) 4
(C) 5
(D) 10

83. $1-\left(\frac{1}{2}+\frac{1}{4}\right)$ എത്ര?

(A) $\frac{1}{4}$
(B) $\frac{1}{2}$
(C) $\frac{3}{4}$
(D) 1

84. 400 ന്റെ വർഗ്ഗമൂലം എത്ര?

(A) 200
(B) 20
(C) 40
(D) 100

85. 6, 8, 15 ഇവകൊണ്ടു ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്?

(A) 60
(B) 80
(C) 90
(D) 120

86. 4 കുട്ടികളുടെ ഗണിത പരീക്ഷയുടെ ശരാശരി സ്കോർ 89 ആണ്. ഒരു കുട്ടിയുടെ സ്കോർ കൂടി ചേർന്നപ്പോൾ ശരാശരി 90 ആയി എങ്കിൽ അഞ്ചാമത്തെ കുട്ടിയുടെ ശരാശരി സ്കോർ എത്ര?

(A) 91
(B) 93
(C) 94
(D) 95

87. വിഷ്ണു 50 രൂപക്ക് വാങ്ങിയ മാമ്പഴം 40 രൂപക്ക് വിറ്റു എങ്കിൽ നഷ്ടശതമാനം എത്ര?

(A) 10%
(B) 12%
(C) 15%
(D) 20%



Join PSC WhatsApp Broadcast List : 90747 20773

88. മണിക്കൂറിൽ 90 കിലോമീറ്റർ വേഗത്തിൽ ഓടുന്ന ഒരു വാഹനം 1 മിനിട്ടിൽ എത്ര ദൂരം ഓടും?

(A) 1.5 കി.മീ.
(B) 1 കി.മീ.
(C) 1.6 കി.മീ.
(D) 1.9 കി.മീ.

89. $\frac{1}{2}+\frac{3}{5}-\frac{1}{10}=$

(A) 10
(B) $\frac{1}{10}$
(C) 1
(D) $\frac{2}{5}$

90. $2\frac{2}{3}$ ന്റെ വ്യുൽക്രമം :

(A) $\frac{2}{3}$
(B) $\frac{3}{2}$
(C) $\frac{3}{8}$
(D) $\frac{8}{3}$

91. അടുത്ത സംഖ്യ ഏത്?

1, 3, 6, 10, 15, ——

(A) 20
(B) 21
(C) 25
(D) 26

92. സമാനബന്ധം കണ്ടെത്തുക

രോഗി : ഡോക്ടർ : : വിദ്യാർത്ഥി : ————

(A) പുസ്തകം
(B) സ്കൂൾ
(C) ആശുപത്രി
(D) അദ്ധ്യാപകൻ

93. ഒരു കോഡുഭാഷയിൽ CAT = 24 ആയാൽ DOG എന്നത് എത്ര?

(A) 20
(B) 22
(C) 24
(D) 26



Join PSC WhatsApp Broadcast List : 90747 20773

www.pscnet.in fb.com/pscnet.in

94. ÷ എന്നത് − നെയും, × എന്നത് ÷ ത്തെയും, + എന്നത് × നെയും, − എന്നത് + നെയും സൂചിപ്പിച്ചാൽ $7 + 6 \times 3 - 8 \div 20$ എത്ര?

(A) 0 (B) 2
(C) 1 (D) 4

95. കൂട്ടത്തിൽ പെടാത്തത് ഏത്?

(A) തത്ത (B) കാക്ക
(C) പക്ഷി (D) മൈന

96. റാണി ഒരു വരിയിൽ മുന്നിൽ നിന്നും പിന്നിൽ നിന്നും 9-ാമത് നില്ക്കുന്നു എങ്കിൽ ആ വരിയിൽ ആകെ എത്ര പേർ ഉണ്ട്?

(A) 17 (B) 18
(C) 19 (D) 20

97. രാജുവിന് രാധയെക്കാൾ 5 വയസ്സ് കൂടുതൽ ഉണ്ട്. രാധയ്ക്ക് ലീലയുടെ 4 ഇരട്ടി പ്രായം ഉണ്ട്. രണ്ടു വർഷം കഴിഞ്ഞാൽ ലീലയ്ക്ക് 10 വയസ്സ് ആകും. എങ്കിൽ രാജുവിന്റെ വയസ്സ് എത്ര?

(A) 37 (B) 38
(C) 39 (D) 40

98. മാർച്ച് 1 ഞായറാഴ്ചയാണെങ്കിൽ ആ വർഷം ഏപ്രിൽ 1 ഏതു ദിവസം ആയിരിക്കും?

(A) ഞായർ (B) തിങ്കൾ
(C) ചൊവ്വ (D) ബുധൻ

99. ഒരു അച്ഛനും അമ്മയ്ക്കും രണ്ട് ആൺമക്കളുണ്ട്. ഓരോ ആൺകുട്ടിക്കും ഒരു സഹോദരിയുണ്ട്. എങ്കിൽ ആ വീട്ടിൽ എത്ര ആളുകൾ ഉണ്ട്?

(A) 4 (B) 5
(C) 6 (D) 7

100. 1, 4, 9, 16, .... എന്ന ശ്രേണിയിലെ 10-ാം പദം എത്ര?

(A) 100 (B) 200
(C) 50 (D) 10



Join PSC WhatsApp Broadcast List : 90747 20773